LIBRARY ARCHIVES Kerala Legislative Assembly

റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

17 (4296) * ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ നടത്തിയ സ്ഥലങ്ങളിൽ അളവ് സംബന്ധിച്ച പരാതികൾ പരിഹരിച്ചു കഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരാതികൾ കഴിയുന്നത്ര വേഗം പരിഹരിക്കുമോ ?

ഉത്തരം

(എ) റീസർവ്വേ നടത്തിയ സ്ഥലങ്ങളിൽ നിന്നു സർവ്വേ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിഹരിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച പരാതികൾ കഴിയുന്നത്ര വേഗം പരിഹരിക്കുന്നതാണ്.

പുറംപോക്ക് ഭൂമി പതിച്ചു കൊടുക്കുവാൻ നടപടി

18 (4297) ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട് ;

(ബി) മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതിക്കാർക്കും അവരുടെ കൈവശമുള്ള പുറംമ്പോക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത നടപടി എളുപ്പമാക്കുന്നതിന് ആദാലത്തുകൾ നടത്തുന്നതുകൊണ്ട് പ്രയോജനം ഉണ്ടാകുമോ ?

ഉത്തരം

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ഭൂമി പതിവ് ചട്ടങ്ങൾ, ലക്ഷംവീട് പദ്ധതി, പുനഃരധിവാസ ഭവന നിർമ്മാണ പദ്ധതി ഇവ പ്രകാരമുള്ള 6538 പട്ടയങ്ങളും, മലയോര കർഷകർക്കുള്ള 6314 പട്ടയങ്ങളും സഹിതം ഈ ഗവൺമെന്റ് നിലവിൽവന്ന ശേഷം 12852 പേർക്ക് ഭൂമി പതിച്ചു പട്ടയം നൽകിയിട്ടുണ്ട്.

(ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേരള ഭൂമി പതിവ് ചട്ടങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുടെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പട്ടികജാതിക്കാർക്കും അവരുടെ കൈവശഭൂമി പതിച്ചു നൽകാറുണ്ട്.

(സി) ഭൂമി പതിച്ച് പട്ടയം നൽകുന്നതിനായി എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ പട്ടയ മേളകൾ സംഘടിപ്പിക്കാനും വേണ്ട നിർദ്ദേശം കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

മംഗലശ്ശേരി കോളനിയിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിന് നടപടി

19(4288) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ തായക്കോട് വില്ലേജിൽ മംഗലശ്ശേരി കോളനിയിലെ താമസക്കാർക്ക് പടക്കം ലഭിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ആയതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ :

(സി) പ്രസ്തുത പട്ടയം എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) മംഗലശ്ശേരി കോളനിയിലെ നിക്ഷിപ്ത വനഭൂമിയായിരുന്ന സ്ഥലം 1981-ൽ സർക്കാർ ഏറ്റെടുത്ത് കൈവശക്കാർക്ക് പതിച്ച് നൽകി പട്ടയം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ പട്ടയം ആവശ്യപ്പെട്ടിട്ടുള്ളവർ ഭൂമി കൈമാറി കിട്ടിയവരാണ്. ഭൂമി കൈമാറി കിട്ടിയവർക്ക് പട്ടയം നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

പാലക്കാട് ജില്ലയിൽ കാലവർഷക്കെടുതിമൂലം കേടുപാട് സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക

20(4299) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം കേടുപാടുകൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനായി പാലക്കാട് ജില്ലയിൽ ആകെ അനുവദിച്ച തുക എത്ര : പ്രസ്തുത തുക അനുവദിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം പാലിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly